"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -തിരുവനന്തപുരം -2019-20 സാമ്പത്തിക വർഷം "ജീവനി-മെന്റൽ ഹെൽത്ത് അവയർനെസ്സ് സർവീസസ്" -ട്രെയിനിങ് പ്രോഗ്രാം നടത്തുന്നത് -സംബന്ധിച്ച്

---

ഉത്തരവ് നമ്പർ:P3/19932/2019/DCEതിരുവനന്തപുരം | തീയതി:18.09.2019

---

പരാമർശം:-1.ജീവനി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 29.08.19 ൽ നടന്ന മീറ്റിംഗിന്റെ മിനുട്സ്

**ഉത്തരവ്**

2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ട് ഗവ.കോളേജുകളിൽ നിയോഗിച്ചിട്ടുള്ള സൈക്കോളജി അപ്പ്രെന്റിസുമാർക്കുള്ള പരിശീലന പരിപാടി 2019 സെപ്റ്റംബർ 23 മുതൽ 25 വരെ തിരുവനന്തപുരം ഗവ.വിമൻസ് കോളേജിൽ വച്ച് നടത്താൻ തീരുമാനമായിട്ടുണ്ട്.
സൈക്കോളജി അപ്പ്രെന്റിസുമാരെ നിയോഗി ച്ചിട്ടുള്ള സർക്കാർ കോളേജ് മേധാവികൾ അതാത് കോളേജുകളിലെ അപ്പ്രെന്റിസുകളെ 23.09.2019 രാവിലെ 9.00ന് തിരുവനന്തപുരം ഗവ.വിമൻസ് കോളേജിൽ ഹാജരാകുവാൻ നിർദേശിക്കേണ്ടതും പ്രസ്തുത പരിശീലന പരിപാടിയിൽ ടി അപ്പ്രെന്റിസുകൾ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ് .കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം തുക വിനിയോഗിച്ചു നടത്തുന്ന പരിശീലന പരിപാടി ആയതിനാൽ യാതൊരു കാരണവശാലും പ്രസ്തുത പരിശീലന പരിപാടിയിൽ നിന്നും അപ്പ്രെന്റിസുകൾ വിട്ട് നിൽക്കുവാൻ പാടുള്ളതല്ല .തിരുവനന്തപുരം ഗവ.വിമൻസ് കോളേജിലെ സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.സോണിയ ജോർജ് പ്രസ്തുത പരിശീലന പരിപാടി കോ-ഓർഡിനേറ്റ് ചെയ്യുന്നതായിരിക്കും .
(ഡോ.സോണിയ ജോർജ് ഫോൺ നമ്പർ :9349863115 )

Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 18.09.2019
Reason: Approved

Sd/-
ഡോ.സുമ കെ.കെ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ് )
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,

1.എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2.ഡോ.സോണിയ ജോർജ് ,കോ-ഓർഡിനേറ്റർ ,ജീവനി പരിശീലന പരിപാടി